**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**05-02-2019-ൽ മറുപടിക്ക്**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1480**

## കാർഷിക യന്ത്രങ്ങളുടെ പരിരക്ഷയും സംരക്ഷണവും ഉറപ്പാക്കുവാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാർഷിക യന്ത്രങ്ങളുടെ പരിരക്ഷയും സംരക്ഷണവും ഉറപ്പാക്കുവാൻ സർക്കാർ സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കാർഷിക യന്ത്രങ്ങളുടെ പരിരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് വേണ്ടി "കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ" രൂപീകരിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ, മിഷൻ ഡയറക്ടർ ആയിരിക്കുന്ന "കാർഷിക യന്ത്ര വൽക്കരണ മിഷൻ" സർവ്വകലാശാലയുടെ മണ്ണുത്തിയിലുള്ള കാർഷിക ഗവേഷണ കേന്ദ്രത്തിലാണ് പ്രവർത്തിച്ചു വരുന്നത്. മിഷന്റെ കീഴിലുള്ള ഒരു പ്രോജക്റ്റ് സർവ്വകലാശാല നിലവിൽ നടത്തി വരുന്നു.<br>മിഷന്റെ ഭാഗമായി കേരളത്തിൽ ഉടനീളമുള്ള കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും അധീനതയിലുള്ള മുഴുവൻ കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് പൂർത്തീകരിച്ചു. ഇവയിൽ കേടുപാടുകൾ ഉള്ളവ, അറ്റകുറ്റപണികൾ വേണ്ടുന്ന യന്ത്രങ്ങൾ എന്നിവയുടെ സ്ഥിതി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇവയുടെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ച് പ്രവർത്തനസജ്ജ മാക്കുന്നതിന് "കാർഷിക യന്ത്ര പരിരക്ഷണ കർമ്മ പരിപാടി" ആരംഭിക്കുന്നുണ്ട്. ജില്ലകൾ തോറും 'ചലിക്കുന്ന കാർഷിക യന്ത്ര അറ്റകുറ്റപ്പണി സംവിധാനം' സജ്ജീകരിച്ച് പ്രവർത്തനം ആരംഭിക്കുകയാണ്. ഈ സംവിധാനത്തിൽ ഒരു കൃഷി എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു വാഹനം, വിദഗ്ധരായ ആറ് മെക്കാനിക്കുകൾ ഉൾപ്പെടുന്ന |

| | | | |
|---|---|---|---|
| | | | സഞ്ചരിക്കുന്ന ഒരു യൂണിറ്റായി പ്രവർത്തിച്ച് കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപണികൾ നിർവ്വഹിക്കുന്നു.<br>കാർഷിക സേവന കേന്ദ്രം, കാർഷിക കർമ്മ സേന എന്നിവ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ, പാടശേഖര സമിതികൾ എന്നിവയുടെ കീഴിലുള്ള കാർഷിക യന്ത്രങ്ങളുടെയും കണക്കെടുപ്പ് നടത്തുകയാണ്. സ്ഥിതി വിവരങ്ങൾ ശേഖരിച്ച് ഇവയുടെ കീഴിലുള്ള കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപണികളും ഈ ചലിക്കുന്ന സംവിധാനത്തിലൂടെ നടത്തുന്നതാണ്.<br><br>ഇതിനു പുറമെ, സംസ്ഥാന ആസൂത്രണ ബോർഡിന്റേയും ഐ.സി.എ.ആർ-ന്റെയും സഹായത്തോടെ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററിൽ നിന്നുള്ള ചെറുകിട യന്ത്രങ്ങൾ കർഷകർക്ക് നാമമാത്രമായ വാടകയ്ക്ക് നല്കി വരുന്നു. പ്രസ്തുത യന്ത്രങ്ങളുടെ പരിരക്ഷയും സംരക്ഷണവും വീഴ്ച കൂടാതെ നടത്തുന്നു. |
| (ബി) | കർഷകർക്ക് പ്രസ്തുത യന്ത്രങ്ങളുടെ സേവനം യഥാസമയം ലഭ്യമാക്കുവാൻ മൊബൈൽ ആപ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | കാർഷിക യന്ത്രങ്ങളുടെ സേവനം ലഭ്യമാക്കുവാൻ CHC AGRI MACHINERY എന്ന മൊബൈൽ ആപ്പ് സംവിധാനം National Informatics Centre വികസിപ്പിച്ചിട്ടുണ്ട്. ടി മൊബൈൽ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.<br>കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ ആഭിമുഖ്യത്തിൽ എല്ലാ കാർഷിക പ്രവർത്തന സേവനങ്ങളും ഒരു 'മൊബൈൽ ആപ്പ്' ലൂടെ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ലക്ഷ്യമിടുന്നു. കർഷകർക്ക് തൊട്ടടുത്തുള്ള കാർഷിക സേവന കേന്ദ്രം, കാർഷിക കർമ്മ സേന, കസ്റ്റം ഹയറിങ് യൂണിറ്റ്, മറ്റ് ഇതര സ്വകാര്യ വ്യക്തി സംവിധാനങ്ങൾ, സ്വകാര്യ സേവന സംവിധാനങ്ങൾ എന്നിവയിലൂടെ കാർഷിക സേവന പ്രവർത്തനങ്ങൾ ലഭ്യമാക്കുന്ന തരത്തിലാണ് ഇതിന്റെ പ്രവർത്തനം ആവിഷ്കരിക്കുന്നത്. ഇതിനു വേണ്ടുന്ന ഒരുക്കങ്ങൾ നടന്നു വരുന്നു. |
| (സി) | കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് നേരിടുന്ന കാലതാമസം കർഷകരെ | (സി) | ജില്ലകൾതോറും "കാർഷിക യന്ത്ര കിരൺ" എന്ന പേരിൽ ചലിക്കുന്ന ഒരു കാർഷിക യന്ത്ര അറ്റകുറ്റപ്പണി യൂണിറ്റ് ഉടൻ പ്രവർത്തനം |

| | | | |
|---|---|---|---|
| | ബുദ്ധിമുട്ടിക്കുന്നുവെന്നതിനാൽ ഇതിനായി കൃഷിവകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | തുടങ്ങുന്നതാണ്. ഒരു കൃഷി എഞ്ചിനീയറുടെ നേതൃത്വത്തിൽ ആറ് പേരടങ്ങുന്ന വിദഗ്ധ മെക്കാനിക് സംഘം എല്ലാവിധ സജ്ജീകരണങ്ങളോടും കൂടി (ടൂൾസ്, സ്പെയർ പാർട്സ് ഉൾപ്പെടെ) എപ്പോഴും സജ്ജമായിരിക്കും. യന്ത്രങ്ങളുടെ തകരാർ സംബന്ധിച്ച് അറിയിപ്പ് കിട്ടുന്ന മുറയ്ക്ക് ആ സ്ഥലത്ത് ചെന്ന് തകരാറ് നന്നാക്കി കൊടുക്കുന്ന രീതിയിലായിരിക്കും ഈ സംവിധാനം. സ്ഥലത്ത് വെച്ച് അറ്റകുറ്റ പണികൾ ചെയ്യാൻ പറ്റാത്തതാണെങ്കിൽ ഉടനെ യന്ത്രം വർക്ക്ഷോപ്പിൽ കൊണ്ട് വന്ന് അറ്റകുറ്റ പണികൾ ചെയ്യുന്നതായിരിക്കും. ഈ യൂണിറ്റിന്റെ അടിസ്ഥാന കേന്ദ്രം ജില്ലയിലെ കസ്റ്റം ഹയറിംഗ് സെന്റർ ആയിരിക്കും. ഇവിടെ കാർഷിക യന്ത്രങ്ങളുടെ ഒരു കാൽപനിക സ്റ്റോർ (വെർച്വൽ സ്റ്റോർ) ഒരുക്കുന്നതാണ്. കൂടാതെ ചലിക്കുന്ന അറ്റകുറ്റപ്പണി യൂണിറ്റിലൂടെ ITC/ ITI/ B.Tech ബിരുദധാരികൾക്ക് പ്രവർത്തിപരിചയ പരിശീലനം നൽകുന്നതിനുള്ള ഒരു സംവിധാനം ഒരുക്കുന്നതാണ്. ചലിക്കുന്ന യൂണിറ്റ് ഈ മാസം പ്രവർത്തനമാരംഭിക്കും. |

Jessy Jose

സെക്ഷൻ ഓഫീസർ